(സി) ഇതിന്റെ ഡിസൈൻ തയ്യാറാക്കുന്നതിൽ തിരുവനന്തപുരത്തുള്ള മരാമത്ത് വകുപ്പിലെ പ്രത്യേക വിഭാഗം ശരിയായ തരത്തിൽ തക്കസമയത്ത് ഡിസൈൻ തയ്യാറാക്കി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പാലത്തിന് ഇപ്പോൾ എത്ര തുക അനുവദിച്ചിട്ടുണ്ട്; എസ്റ്റിമേറ്റ് തുക എന്തു വരും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ പണിക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം പണി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 125 ലക്ഷം രൂപയാണ്.

101 (2479) അഞ്ചുതെങ്ങിലെ പാലം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് പഞ്ചായത്തിനെ ഉത്തരമേഖലകളുമായി യോജിപ്പിക്കുന്നത് മീനംകടവ്, നെടുംകണ്ടം ഒന്നാം പാലം എന്നീ പാലങ്ങളാണെന്ന കാര്യം ഗവൺമെന്റിനറിയുമോ;

(ബി) ഈ രണ്ട് പാലങ്ങളും ഏത് നിമിഷവും തകർന്ന് വീഴാവുന്ന നിലയിലാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഈ പാലങ്ങൾ തകർന്നു വീണാൽ അഞ്ചുതെങ്ങ് പഞ്ചായത്ത് ഒറ്റപ്പെട്ടുപോകുന്ന സാഹചര്യം ഒഴിവാക്കാൻ പ്രസ്തുത പാലങ്ങൾ പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറിയാവുന്നതാണ്.

(ബി) രണ്ടു പാലങ്ങൾക്കും വേണ്ട താൽക്കാലിക അറ്റകുറ്റപ്പണികൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്.

(സി) ജന ലഭ്യതയ്ക്കു വിധേയമാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

102 (2480) "നെടുമുടി-പള്ളാത്തുരുത്തി പാലം"

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ നെടുമുടി-പള്ളാത്തുരുത്തി പാലത്തിന്റെ നിർമ്മാണത്തിന് ചെലവായ ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ടോൾ കളക്ട് ചെയ്യുന്നത് എന്നാണ് ആരംഭിച്ചത്;

(സി) ടോൾ കളക്ഷൻ ഇനത്തിൽ എന്തു തുക ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly